# CURRENT AFFAIRS 08 NOV 2024



ശാരദ സിൻഹ

- **2024 നവംബറിൽ അന്തരിച്ച ബീഹാർ കോകിലയെന്ന് അറിയപ്പെട്ടിരുന്ന പ്രശസ്ത ഗായിക**

  ശാരദ സിൻഹ

  - ബീഹാറിന്റെ പരമ്പരാഗത സംഗീതം ജനകീയമാക്കുന്നതിൽ വലിയ പങ്കാണ് ശാരദ സിൻഹ വഹിച്ചിട്ടുള്ളത്.
  - കലാരംഗത്ത് ശാരദ സിൻഹ നൽകിയ വലിയ സംഭാവനകൾ പരിഗണിച്ച് രാജ്യം 2018ൽ അവരെ പത്മഭൂഷൺ നൽകി ആദരിച്ചു.

---



- **ഇന്ത്യ-ഇന്തോനേഷ്യ സംയുക്ത പ്രത്യേക സേനാ അഭ്യാസമായ ഗരുഡ ശക്തി 24-ന്റെ 9-ാമത് എഡിഷന് വേദിയാകുന്നത്**

  ഇന്തോനേഷ്യ

---



- **സർദാർ വല്ലഭായി പട്ടേലിന്റെ ഓർമ്മയ്ക്കായി 'ദേശ് കാ വല്ലഭ്' പ്രതിമ നിലവിൽ വന്ന സ്ഥലം**

  തവാങ് , അരുണാചൽപ്രദേശ്

---

- **മികച്ച ജില്ലയ്ക്കുള്ള 2024ലെ ഭരണഭാഷ അവാർഡ് നേടിയ ജില്ല**

  പത്തനംതിട്ട

  - ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാള ഭാഷയുടെ ഉപയോഗം സാർവത്രികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് നൽകുന്നതാണ് ഭരണഭാഷാ പുരസ്കാരങ്ങൾ.
  - സംസ്ഥാനത്ത് മികച്ച രീതിയിൽ ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന വകുപ്പായി തിരഞ്ഞെടുക്കപ്പെട്ടത് ഹോമിയോപ്പതി വകുപ്പാണ്.

---



ഡോ. ചാത്തനാത്ത് അച്യുതനുണ്ണി

- **മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്ക് അന്താരാഷ്ട്ര പുസ്തകോത്സവ സമിതി ഏർപ്പെടുത്തിയ 2024ലെ ബാലാമണിഅമ്മ പുരസ്കാരത്തിനർഹനായത്**

  ഡോ. ചാത്തനാത്ത് അച്യുതനുണ്ണി

  - 2023ലെ ബാലാമണിയമ്മ പുരസ്കാര ജേതാവ് - പ്രൊഫ. എം. തോമസ് മാത്യു

---



- **തീരദേശ മഹിളാവേദിയും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനും ചേർന്ന് സംഘടിപ്പിച്ച പ്രഥമ ദേശീയ വനിതാ മത്സ്യത്തൊഴിലാളി സമ്മേളനത്തിന് വേദിയായത്**

  വലിയതുറ , തിരുവനന്തപുരം